**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട**

**നിയമസഭാ ചോദ്യം നമ്പർ : 8** — **11.06.2012-ൽ മറുപടിക്ക്.**

# ഗ്രാമ ന്യായാലയങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. പി. മുഹമ്മദ്<br>ശ്രീ. വി. റ്റി. ബൽറാം<br>ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) ഗ്രാമന്യായാലയങ്ങൾ സ്ഥാപിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ ;<br><br>(ബി) ആയത് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾക്ക് ബഹു.ഹൈക്കോടതി അംഗീകാരം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ; | : (എ) & (ബി)<br>ഉണ്ട്. ഹൈക്കോടതിയുടെ അനുമതിയോടെ 01.03.2011-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ:86/11/ആഭ്യന്തരം പ്രകാരം സംസ്ഥാനത്ത് 30 ബ്ലോക്കുകളിൽ ഗ്രാമന്യായാലയങ്ങൾ സ്ഥാപിക്കാൻ ഉത്തരവായിട്ടുണ്ട്. അവയ്ക്കായുള്ള ചട്ടങ്ങളും രൂപീകരിച്ചുകഴിഞ്ഞു. അവയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ ഹൈക്കോടതി സ്വീകരിച്ചുവരുന്നു. |
| (സി) ഇവയുടെ ഉദ്ദേശലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ? | : (സി) സാമൂഹികമായോ സാമ്പത്തികമായോ മറ്റേതെങ്കിലും കാരണത്താലോ പിന്നോക്കാവസ്ഥയിലുള്ള പൗരന്മാർക്ക് നീതിക്കുള്ള അവസരം ഏറ്റവും സമീപത്തു തന്നെ ഉറപ്പാക്കുക എന്ന ഉദ്ദേശത്തോടു-കൂടിയാണ് കേരളത്തിൽ ബ്ലോക്കു തലത്തിൽ ഗ്രാമന്യായാലയങ്ങൾ |

(മറുപുറം)

സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. ഇവയുടെ പ്രവർത്തനരീതി സംബന്ധിച്ച് Kerala Gramanyayalaya (Procedure and Practice) Rules 2012 അംഗീകരിച്ച് ഹൈക്കോടതിയ്ക്ക് ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേയ്ക്കായി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ